No.1859/MPH/2012/TAIII/CEE

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

# ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2012

1. താഴെ പറയുന്ന പ്രത്യേക വിഭാഗങ്ങളടങ്ങുന്ന 2012-ലെ ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**I. എം.ഫാം.**

(i) ഫാർമസ്യൂട്ടിക്കൽ അനാലിസിസ്

(ii) ഫാർമക്കോഗ്നോസി ആന്റ് ഫൈറ്റോ കെമിസ്ട്രി

(iii) ഫാർമസ്യൂട്ടിക്സ്

(iv) ഫാർമക്കോളജി

(v) ഫാർമസി പ്രാക്ടീസ്

(vi) ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി

**II. ഫാം.ഡി. (പോസ്റ്റ് ബക്കാലാറിയേറ്റ്)**

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

**(i) നേറ്റിവിറ്റി:** അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.

**(ii) വിദ്യാഭ്യാസ യോഗ്യതകൾ:**

(എ) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നു ലഭിച്ചതോ അല്ലെങ്കിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയ ബി.ഫാം ബിരുദം. (അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെയും ഇന്ത്യൻ ഫാർമസി കൗൺസിലിന്റെയും അംഗീകാരമുള്ളത്) കൂടാതെ ബി.ഫാമിന് 3 വർഷത്തെ (I,II,III വർഷങ്ങൾ)പരീക്ഷകൾക്കും കൂടി 50%-ത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം.

(ബി) സംവരണ ക്വോട്ടയിലേയ്ക്ക് അപേക്ഷിക്കുന്ന ഫാർമസി ലക്ചറർ തസ്തികയിൽ സേവനമനുഷ്ടിക്കുന്നവരും കുറഞ്ഞത് 50% മാർക്ക് നേടിയിരിക്കണം.

3. **തെരഞ്ഞെടുപ്പും പ്രവേശനപരീക്ഷയും:** ഫാർമസി കോളേജ് അദ്ധ്യാപകർ, ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നുള്ള നോമിനികൾ, അവരുടെ അഭാവത്തിൽ ആരോഗ്യ വകുപ്പിലെ ബി.ഫാം ബിരുദധാരികൾ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ളവയൊഴികെയുള്ള സീറ്റുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ **2012 സെപ്റ്റംബർ മാസം 15-ാം തീയതി (ശനിയാഴ്ച) തിരുവനന്തപുരത്തു** വച്ചു നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷകരെ തെരഞ്ഞെടുക്കുന്നതാണ്. 3 മണിക്കൂർ ദൈർഘ്യമുള്ള, 200 ചോദ്യങ്ങളുള്ള, ഒരു പേപ്പറാണുള്ളത്. പരീക്ഷ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും.

4. **അപേക്ഷാഫോറം/അപേക്ഷിക്കേണ്ട വിധം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും **www.cee.kerala.gov.in** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ **14.08.2012** മുതൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷാ ഫോം **23.08.2012 വൈകുന്നേരം 5 മണി** വരെ ലഭ്യമായിരിക്കും. പ്രോസ്പെക്ടസ്സും ഇതേ വെബ് സൈറ്റിൽ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ്സ് ക്ലോസ് XII-ൽ വിശദമാക്കിയിട്ടുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും, അതിനോടൊപ്പം ലഭിക്കുന്ന

ബാങ്ക് ചെലാൻ ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഏതെങ്കിലും ശാഖയിൽ അപേക്ഷാഫീസ് അടയ്ക്കേണ്ടതുമാണ് (അപേക്ഷാ ഫീസ് 800/- രൂപ). അപേക്ഷാഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ മെഡിക്കൽ കോളേജുകളിലോ ലഭിക്കുന്നതല്ല. ഓൺലൈനായി സമർപ്പിച്ച അപേക്ഷാഫോമിന്റെ പ്രിന്റ് ഔട്ടിൽ അപേക്ഷകർ തങ്ങളുടെ പാസ്സ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ ഒട്ടിച്ച് സ്വയം സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജനറൽ വിഭാഗം അപേക്ഷകർ ഈ പ്രിന്റൗട്ട്, അപേക്ഷാ ഫീസ് ബാങ്കിൽ അടച്ചതിന്റെ ഒറിജിനൽ ചെലാൻ, പ്രോസ്പെക്ടസ്സ് ക്ലോസ് XIII-ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം നേരിട്ടോ അല്ലെങ്കിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ "**കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**" എന്ന വിലാസത്തിൽ **24.08.2012 വൈകുന്നേരം 5 മണിക്കു മുമ്പ്** എത്തിക്കേണ്ടതാണ്. സർവ്വീസ് ക്വോട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, **0210-03-105-99** എന്ന ഹെഡ്ഡിൽ ട്രഷറിയിൽ 800 രൂപ ഫീസടച്ച ചെലാൻ രസീതും പ്രോസ്പെക്ടസ്സിലെ ക്ലോസ് XIII-ൽ പറഞ്ഞിട്ടുള്ള രേഖകളും സഹിതം ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖാന്തിരം **മെഡിക്കൽ വിദ്യാഭ്യസ ഡയറക്ടർ, മെഡിക്കൽ കോളേജ് കാമ്പസ്, തിരുവനന്തപുരം - 695 011** എന്ന വിലാസത്തിൽ **24.08.2012 വൈകുന്നേരം 5 മണിക്കു മുമ്പ്** സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

5. ജനറൽ വിഭാഗത്തിലേയ്ക്ക് കൂടി അപേക്ഷിക്കുന്ന സർവ്വീസ് അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ ബാങ്ക് ചെലാനും (800/- രൂപ) സർവ്വീസ് വിഭാഗക്കാർക്ക് ബാധകമായ ചെലാനും (800/- രൂപ) എടുക്കേണ്ടതാണ്. അത്തരം അപേക്ഷകർ അപേക്ഷയും ബാങ്ക് ചെലാനും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കണം. അപേക്ഷയുടെ പകർപ്പ് ട്രഷറിയിൽ നിന്നുള്ള ചെലാൻ രസീത് സഹിതം മെഡിക്കൽ വിദ്യാഭ്യസ ഡയറക്ടർക്കും നിശ്ചിത സമയത്തിനുള്ളിൽ നൽകണം. **24.08.2012 വൈകുന്നേരം 5 മണിക്കു** ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഉത്തരവാദിയായിരിക്കുകയില്ല.

6. **അഡ്മിറ്റ് കാർഡ്** : അപേക്ഷാർത്ഥികൾക്കുള്ള അഡ്മിറ്റ് കാർഡുകൾ **10.09.2012** മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

7. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരിക്കുന്നതല്ല. അപേക്ഷാഫോമിൽ നൽകിയ മാതൃകയിൽ ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ ആ മാതൃകയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

8. പ്രവേശന പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നതാണ്. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ടുമെന്റ്, പ്രവേശനം എന്നിവ പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.

9. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യവുമായ 2012-ലെ ബിരുദാനന്തര ബിരുദ ഫാർമസി കോഴ്സിന്റെ പ്രോസ്പെക്ടസ്സിലുള്ള വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുമ്പ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
13.08.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**